# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3471

11-12-2018 ൽ മറുപടിയ്ക്ക്

## തരിശുനിലങ്ങളിലെ നെൽകൃഷി

**ചോദ്യം**
ശ്രീ.കെ. ദാസൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനായി കൂടുതൽ സഹായം കൃഷി വകുപ്പ് മുഖേന നൽകുന്നതിനായി ആലോചിച്ചുവരുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. |
| (ബി) | പാടശേഖര സംഘങ്ങളുടെ നേതൃത്വത്തിൽ നെൽകൃഷിയിറക്കിയതിന് ശേഷം കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന നഷ്ടം വിള ഇൻഷ്വറൻസ് സ്കീം പോലുള്ള പദ്ധതികളിൽ കൂടി തിരികെ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മാനദണ്ഡങ്ങൾ പരിശോധിച്ച് മാറ്റം വരുത്തുവാൻ തയ്യാറായിട്ടുണ്ടോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്. എന്നാൽ 2018 ഖാരിഫ് സീസൺ വരെ തീവ്രവർഷവും പ്രളയവും എന്ന ഘടകങ്ങൾ ഉൾപ്പെട്ടിരുന്നില്ല. 2018-2019 റാബി സീസണിൽ പദ്ധതി മാനദണ്ഡങ്ങളുടെ പട്ടികയിൽ തീവ്ര വർഷവും, പ്രളയവും, ഉരുൾപൊട്ടലും, add on cover ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ഉയർന്ന് വരാതിരിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി വിജ്ഞാപനം ചെയ്യുന്ന ഓരോ വിളയ്ക്കും ഏറ്റവും ആവശ്യമായ കാലാവസ്ഥാ ഘടങ്ങൾ തിരഞ്ഞെടുക്ക-കയും അതിന്റെയെല്ലാം തോത് നിർണ്ണയിക്കുകയുമാണ് സംസ്ഥാന കൃഷി വകുപ്പിന്റെ സാങ്കേതിക സമിതി ചെയ്യുന്നത്. ആയതിനാൽ നിലവിലെ റാബിസീസണിൽ (2018-2019) മാനദ-ണ്ഡങ്ങളുടെ പട്ടികയിൽ തീവ്രവർഷവും, പ്രളയവും അനുബന്ധകെടുതികളും add on cover ആയി ഉൾപ്പെടുത്തി വിജ്ഞാപനമിറക്കാൻ തീരുമാനമായി. |
| (ഡി) | കഴിഞ്ഞ വർഷം നെൽകൃഷിയിറക്കിയ തരിശുനിലങ്ങളിൽ കുറെക്കൂടി വിപുലമായ രീതിയിലും മറ്റ് തരിശുനിലങ്ങളിലേക്കും കൃഷി വ്യാപിപ്പിക്കാൻ ഉതകുന്ന രീതിയിൽ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കി വരുന്നത് എന്ന് വിശദമാക്കാമോ? | (ഡി) | നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുനില കൃഷിക്ക് മൂന്നു വർഷത്തേക്കാണ് ആനുകൂല്യം നൽകുന്നത്. മൂന്നു വർഷം തുടർച്ചയായി കൃഷി ചെയ്യുന്നതിനു വേണ്ടിയാണിത്. അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ള പക്ഷം പദ്ധതിയധിഷ്ഠിത-മായി അതിനും നെൽ കൃഷി വികസന പദ്ധതിയിൽ വ്യവസ്ഥയുണ്ട്. തരിശുനില കൃഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ-ളുടെ സഹകരണത്തോടെയും പരമാവധി ജനകീയ പങ്കാളിത്തത്തോടെയും നടപ്പാക്കി വരുന്നതും പരമാവധി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്. |

സെക്ഷൻ ഓഫീസർ